# തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നടപടി ഉത്തരവ്

## സംഗ്രഹം

സ്ട്രോംഗ് റൂം ഗാർഡുമാരുടെ 2016 ലെ പൊതു സ്ഥലംമാറ്റം - അപ്പീൽ പെറ്റീഷനുകളിന്മേൽ തീർപ്പു കൽപ്പിക്കുന്നതു സംബന്ധിച്ച് - ഉത്തരവു പുറപ്പെടുവിക്കുന്നു.

---

നടപടി ഉത്തരവ് നമ്പർ. Roc. 7086/2016/Est.2 തിരുവനന്തപുരം, തീയതി 06/08/2016

---

പരാമർശം :

1. ദേവസ്വം കമ്മീഷണറുടെ 13/06/2016 ലെ ആർ.ഒ.സി 100/16/എസ്റ്റാ.ബി നമ്പർ പ്രൊസീഡിംഗ്സ്.
2. ദേവസ്വം കമ്മീഷണറുടെ 01/07/2016 ലെ ആർ.ഒ.സി 100/16/എസ്റ്റാ.ബി നമ്പർ റിപ്പോർട്ട്.
3. വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസറുടെ 08/07/2016 ലെ 139/2016/സി.റ്റി/റ്റി.ഡി.ബി/വിജി നമ്പർ കത്ത്
4. ദേവസ്വം കമ്മീഷണറുടെ 15/07/2016 ലെ ആർ.ഒ.സി 100/16/എസ്റ്റാ.ബി നമ്പർ റിപ്പോർട്ട്

## ഉത്തരവ്

സ്ട്രോംഗ് റൂം ഗാർഡ്മാരുടെ 2016-ലെ പൊതുസ്ഥലം മാറ്റ ഉത്തരവ് ദേവസ്വം കമ്മീഷണർ പരാമർശം (1) ആയി പുറപ്പെടുവിച്ചു.

പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെയുള്ള അപ്പീൽ അപേക്ഷകളിന്മേൽ ദേവസ്വം കമ്മീഷണറുടെ റിപ്പോർട്ട് (പരാമർശം 2) ആയി ലഭിച്ചു

പരാമർശം (1) പ്രകാരമുള്ള സ്ഥലംമാറ്റ ഉത്തരവു പരിശോധിച്ചപ്പോൾ കൂടുതൽ ഗാർഡ്മാരും ശബരിമലയിലേയും, പമ്പയിലേയും അസിസ്റ്റന്റ് എഞ്ചിനിയർ ഓഫീസുകളിലും, ഒ. റ്റി. സി ഹനുമാൻ പോലുള്ള ദേവസ്വങ്ങളിലേക്കുമാണ് സ്ഥലം മാറ്റം ആവശ്യപ്പെട്ടു മാറിയിരിക്കുന്നതെന്നും, പ്രസ്തുത സ്ഥലംമാറ്റം നടപ്പിലായാൽ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പ്രധാനപ്പെട്ട സ്ട്രോംഗ് റൂമുകളിൽ ഒരു ഗാർഡു പോലും ഇല്ലാത്ത അവസ്തയും മറ്റു ചില സ്ട്രോംഗ് റൂമുകളിൽ ഒരു ഗാർഡുമാത്രം ഉള്ള അവസ്ഥയും ഉണ്ടാകുമെന്നും കോടിക്കണക്കിനു രൂപയുടെ സ്വത്തുവകകൾ സൂക്ഷിക്കുന്ന സ്ട്രോംഗ് റൂമുകളിൽ ഗാർഡുമാർ ഇല്ലാത്ത അവസ്ത വളരെ ഗുരുതതരമാണന്നും സി.സി.റ്റി.വി യോ ബർഗ്ലർ അലാറമോ ഇല്ലാത്ത ഈ സ്ട്രോംഗ് റൂമുകളുടെ സുരക്ഷമുന്നിൽ കണ്ട് സ്ട്രോംഗ് റൂം ഗാർഡുമാരുടെ സ്ഥലം മാറ്റത്തിൽ അന്തിമതീരുമാനം കൈകൊള്ളണമെന്നും വിവരിച്ച് സൂപ്രണ്ട് ഓഫ് പോലീസ് വിജിലൻസ് ആന്റ് സെക്യൂരിറ്റിയുടെ റിപ്പോർട്ട് ലഭിച്ചു. (പരാമർശം 3).

പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ദേവസ്വം കമ്മീഷണറുടെ അഭിപ്രായം ലഭ്യമാക്കിയതിൽ സൂപ്രണ്ട് ഓഫ് പോലീസ് വിജിലൻസ് ആന്റ് സെക്യൂരിറ്റിയുടെ അഭിപ്രായം വാസ്തവമാണന്നും ഈ സ്ഥലം മാറ്റം നടപ്പിലാക്കുമ്പോൾ വലിയശാല, പാറശ്ശാല, അമ്പലപ്പുഴ തുടങ്ങിയ സ്ട്രോംഗ് റൂമുകളിൽ ഒരു ഗാർഡു പോലും ഇല്ലാത്ത അവസ്ഥ ഉണ്ടാകുന്നുവെന്നും മങ്കൊമ്പ്, തിരുനക്കര, വൈക്കം, പെരുവാരം എന്നീ സ്ട്രോംഗ് റൂമുകളിൽ ഒരു ഗാർഡു മാത്രമുള്ള അവസ്ഥ ഉണ്ടാകുന്നുവെന്നും ഓരോ സ്ട്രോംഗ് റൂമുകളിലും രണ്ടുവീതം ഗാർഡുമാരെ ക്രമീക

രിക്കുകയും മറ്റു രണ്ടു ക്ഷേത്ര ജീവനക്കാരെ അതാതു ഗ്രൂപ്പുകളിൽ നിന്നും നിയോഗിക്കുകയും ചെയ്യുകയാണ് അഭികാമ്യമെന്നും ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തു. (പരാമർശം 4)

തുടർന്ന് സ്ട്രോംഗ് റൂം ഗാർഡുമാരുടെ സ്ഥലം മാറ്റം സംബന്ധിച്ച വിഷയം ബോർഡ് വിശദമായി ചർച്ച ചെയ്ത് ഒരു സ്ട്രോംഗ് റൂമിൽ കുറഞ്ഞത് രണ്ടു ഗാർഡുമാർ വരത്തക്കവിധം സ്ട്രോംഗ് റൂം ഗാർഡുമാരെ വിന്യസിക്കുന്നതിനും, 8 മണിക്കൂർ ഡ്യൂട്ടിക്ക് 3 ഗാർഡ് ആവശ്യമാകയാൽ കൂടുതൽ സമയം അതാത് സ്ഥലങ്ങളിലെ ഗാർഡ്മാർ ഡ്യൂട്ടി നോക്കുന്നപക്ഷം അവർക്ക് നിലവിലെ ഉത്തരവു പ്രകാരം ഓവർടൈം അലവൻസ് നൽകുകയോ ആവശ്യമായ സ്ഥലങ്ങളിൽ ആവശ്യകത ബോദ്ധ്യപ്പെട്ട് അതാതു ഗ്രൂപ്പുകളിൽ നിന്നും വാച്ചറന്മാരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയോ ചെയ്യുന്നതിന് നിർദ്ദേശിച്ചും ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതിന് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ബോർഡുത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

വി. എസ്. ജയകുമാർ
സെക്രട്ടറി

പകർപ്പ്:-

1. ദേവസ്വം കമ്മീഷണർ
2. ചീഫ് എഞ്ചിനിയർ (ജനറൽ)
3. സൂപ്രണ്ട് ഓഫ് പോലീസ് (വിജിലൻസ് ആന്റ് സെക്യൂരിറ്റി)
4. ഇ.ഡി.പി സെക്ഷൻ (വെബ് സൈറ്റ്)
5. സെക്ഷൻ ഫയൽ
6. ഫയൽ ബുക്ക്
7. ഓഫീസ് ഫെയർ കോപ്പി